## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4183 26/06/2013-ൽ മറുപടിക്ക്

### പട്ടികജാതി യുവതികളുടെ വിവാഹത്തിനായുള്ള ധനസഹായ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.ബി.സത്യൻ<br>ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ.എ.പി.അനിൽകുമാർ<br>(ബഹു:പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) പട്ടികജാതി യുവതികളുടെ വിവാഹത്തിനായുള്ള ധനസഹായ പദ്ധതിപ്രകാരം മുൻവർഷം അപേക്ഷിച്ചവർക്കെല്ലാം ധനസഹായം നൽകിയോ; ഇല്ലെങ്കിൽ കാരണമെന്തെന്നും ഇതിനായി എത്ര തുക കൂടി വേണമെന്നാണ് കണക്കാക്കി യിരിക്കുന്നതെന്നും അറിയിക്കാമോ; | (എ) പട്ടികജാതി യുവതികളുടെ വിവാഹത്തിനായുള്ള ധനസഹായ പദ്ധതിപ്രകാരം മുൻവർഷം അപേക്ഷിച്ചവർക്കെല്ലാം ധനസഹായം നൽകുവാൻ കഴിഞ്ഞിട്ടില്ല. 19/09/2012-ലെ സ.ഉ.(കൈ.)നമ്പർ125/12/പജപവവി ഉത്തരവു പ്രകാരം വിവാഹധനസഹായ തുക നിലവിലുണ്ടായിരുന്ന 20,000 രൂപയിൽ നിന്ന് 50,000 രൂപയായി 01/04/2012 മുതൽ മുൻകാല |

പ്രാബല്യത്തോടെ 01/04/2012-നു ശേഷം നടന്ന വിവാഹങ്ങൾക്ക് അനുവദിച്ച തുകക്കു പുറമെ ടി വർദ്ധനവ് മൂലം ലഭിക്കേണ്ട ബാക്കി തുക കൂടി നൽകേണ്ടി വന്നതിനാലും ടി ധനസഹായത്തിനുള്ള വരുമാന പരിധി 50,000 രൂപയായി വർദ്ധിപ്പിച്ചപ്പോൾ ഉണ്ടായ അപേക്ഷകളുടെ വർദ്ധനവ് മൂലവും മുൻ സാമ്പത്തിക വർഷം വകയിരുത്തിയിരുന്ന തുക അപേക്ഷിച്ച എല്ലാ പേർക്കും ധനസഹായം നൽകുന്നതിന് പര്യാപ്തമായിരുന്നില്ല. ഇതിനായി 15,65,30,000/- രൂപ വേണമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

(ബി) കഴിഞ്ഞ വർഷത്തെ അപേക്ഷകർക്കും പുതുതായി ഈ വർഷം അപേക്ഷിക്കുന്നവർക്കും വിവാഹധനസഹായം യഥാസമയം ലഭ്യമാക്കാനായി എത്ര തുക വേണ്ടി വരുമെന്നാണ് കണക്കാക്കുന്നത്;

(ബി) നടപ്പു വർഷം 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ അപേക്ഷകൾക്കും പുതുതായി ഈ വർഷം അപേക്ഷിക്കുന്നവർക്കും വിവാഹ ധനസഹായം യഥാസമയം ലഭ്യമാക്കാനായി 54,44,80,000/- രൂപ ചെലവാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഇതിനാവശ്യമായ തുക നീക്കി വച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര തുക കൂടി വേണ്ടി വരും;

ഇതിനാവശ്യമായ തുക നീക്കി വച്ചിട്ടില്ല. നടപ്പുവർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ കൂടുതൽ തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) വിവാഹധനസഹായം ലഭ്യമാക്കാത്തതിനാൽ നിർദ്ധന പട്ടികജാതി യുവതികളുടെ വിവാഹം മുടങ്ങാതിരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

(സി) വിവാഹധനസഹായം അനുവദിക്കുന്നതിന് കൂടുതൽ തുക ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

Rashmi (signature)

സെക്ഷൻ ഓഫീസർ